# Deepika

## 18 July 2018

## Kochi, Heavy Rain, Plantation Sector, Financial Crisis



### കാലവർഷക്കെടുതി; തോട്ടംമേഖല സാമ്പത്തിക പ്രതിസന്ധിയിലെന്ന്

**കൊച്ചി:** ഒരാഴ്ചയായി തുടരുന്ന ശക്തമായ കാറ്റും കനത്ത മഴയും കേരളത്തിലെ തോട്ടവിളകൃഷിക്ക് കടുത്ത നാശനഷ്ടമാണ് വരുത്തിയിട്ടുള്ളതെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എപികെ). തേയില, റബർ, കാപ്പി, ഏലം, കുരുമുളക് എന്നിവ വിള നാശത്തോടൊപ്പം ചെടികളും നഷ്ടപ്പെട്ടത് ദീർഘകാല അടിസ്ഥാനത്തിൽ ഉത്പാദനത്തെ ബാധിക്കും.

400 കോടിയോളം രൂപയുടെ നഷ്ടമാണ് കേരളത്തിലെ തോട്ടം മേഖലയ്ക്ക് ഉണ്ടായിട്ടുള്ളതെന്നും ചെയർമാൻ തോമസ് ജേക്കബ്, സെക്രട്ടറി പി.കെ. അജിത്ത് എന്നിവർ പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി. തേയില കൃഷിയിൽ ഏകദേശം 31 ലക്ഷം കിലോയോളം ഉത്പാദന നഷ്ടമാണ് കണക്കാക്കുന്നത്. അതായത് ഏകദേശം 37 കോടി രൂപയുടെ നാശനഷ്ടം കർഷകർക്ക് നേരിടേണ്ടിവരും. ജൂൺ-ജൂലൈ മാസങ്ങളിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 30-35 ശതമാനം വരെ ഉത്പാദന നഷ്ടമുണ്ടാകുമെന്നാണ്പ്രതീക്ഷിക്കുന്നത്.